നബാർഡ് സഹായം

139 (2635) <u>ശ്രീമതി പി. അയിഷാപോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ നബാർഡ് സഹായത്തോടെയുള്ള എത്ര തുകയുടെ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിൽനിന്ന് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കൊല്ലം ജില്ലയിൽ നിന്നുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ (പ്രവൃത്തിയുടെ പേര്, നിയോജക മണ്ഡലം, അടങ്കൽ തുക എന്നിവ) വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) 255.19 കോടി രൂപയുടെ പ്രവൃത്തികൾക്ക് (ഗ്രാമീണ റോഡുകൾ/ പാലങ്ങൾ) പൊതുമരാമത്ത് വകുപ്പിൽനിന്ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു:

പ്രവൃത്തിയുടെ പേര്	നിയോജകമണ്ഡലം	അടങ്കൽ തുക(രൂപ ലക്ഷത്തിൽ)
(1)	(2)	(3)
കേരളപുരം-ആയൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ (കി.മി.0/000 മുതൽ8/9000 വരെ)	കണ്ടറ	615.60
കിഴക്കേത്തെരുവ്-പത്തനാപുരം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ (ഒന്നാം ഘട്ടം കി.മി 3/700 മുതൽ 10/800 വരെ)	പത്തനാപുരം	658.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
എലിക്കാട്ടൂർ പാലം (കല്ലട നദിക്കു കുറുകെ)	പത്തനാപുരം	517.00
പെരപ്പയം പാലം (ഇത്തിക്കര നദിക്കു കുറുകെ)	ചടയമംഗലം	1095.00
പേരൂർ-വഞ്ചിമുക്ക്-ഡീസന്റ് ജംഗ്ഷൻ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ (കി.മി. 0/000 മുതൽ 1/500 വരെ)	കുണ്ടറ	142.50

തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ റോഡുകൾ

140 (2636) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾ നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം റോഡുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ &ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ തലശ്ശേരി അസംബ്ലിമണ്ഡലത്തിൽ നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly